"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിലെ അക്കൗണ്ട്സ് ഓഫീസറായ ശ്രീ.റെജി കെ വി യുടെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (സി) വകുപ്പ്

സ.ഉ.(സാധാ) നം.671/2026/ID തീയതി,തിരുവനന്തപുരം, 23-06-2026

പരാമർശം:- 1. സ.ഉ(അച്ചടി)നം.**120/2025**/ധന തീയതി **03.10.2025.**

2. ഹാൻവീവ് മാനേജിംഗ് ഡയറക്ടറുടെ 22.05.2026 ലെ കെ. എസ്.എച്ച്.ഡി.സി/ജി1/Medical-Reim/70/2026-27 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിലെ അക്കൗണ്ട്സ് ഓഫീസറായ ശ്രീ.റെജി കെ വി യുടെ ചികിത്സയ്ക്ക് എറണാകുളം ലിസി ഹോസ്പിറ്റലിൽ ചെലവായ തുകയിൽ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അനുവദനീയത അറിയിച്ച തുകയുടെ 80% പ്രതിപൂരണം ചെയ്ത് നൽകുന്നതിനായി അനുമതി നൽകുന്നതിനായി പരാമർശിത കത്ത് പ്രകാരം ഹാൻവീവ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം രണ്ടിലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾ കർശനമായി പാലിച്ചു കൊണ്ട് കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷനിലെ അക്കൗണ്ട്സ് ഓഫീസറായ ശ്രീ.റെജി കെ വി യുടെ ചികിത്സയ്ക്ക് എറണാകുളം ലിസി ഹോസ്പിറ്റലിൽ ചെലവായ തുകയിൽ കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അനുവദനീയത അറിയിച്ച **11,339/-** രൂപയുടെ **80** ശതമാനമായ **9,071/-** (ഒൻപതിനായിരത്തി എഴുപത്തി ഒന്ന് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് ഹാൻവീവ് മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**DILEEPKUMAR R**

അണ്ടർ സെക്രട്ടറി

കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ഹാൻവീവ്, കണ്ണൂർ (ബില്ലുകളും അനുബന്ധ രേഖകളും സഹിതം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A&E), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), തിരുവനന്തപുരം
ഐ&പി ആർ ഡി
ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by Anilkumar P
Date: 23-06-2026 11:21:38